LIBRARY ARCHIVES Kerala Legislative Assembly

അട്ടപ്പാടി മേഖലയിൽ ദീർഘകാലം പ്രവർത്തിച്ച് പരിചയമുള്ള ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പ്രഭുദാസിന്റെ സേവനം പൂർണ്ണമായും അട്ടപ്പാടിയിൽ ലഭ്യമാക്കുന്നവിധം ക്രമീകരിച്ചിട്ടുണ്ട്. ആരോഗ്യത്തെ നിർണ്ണയിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്ന ഘടകങ്ങൾ ആഹാരം, ശുദ്ധമായ കുടിവെള്ളം, സ്ഥിരവരുമാനം, തൊഴിൽ, താമസ സൗകര്യങ്ങൾ തുടങ്ങിയവ യാണ്. ഇവ ലഭ്യമാക്കുന്നതിനായി വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കരൾമാറ്റ ശസ്ത്രക്രിയ

70 (2621) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ കരൾമാറ്റ ശസ്ത്രക്രിയകൾ നടത്തിവരുമ്പോൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രസ്തുത സൗകര്യം ഒരുക്കാനാവാത്ത സാഹചര്യം വിശദീകരിക്കാമോ ;

(ബി) കരൾമാറ്റ ശസ്ത്രക്രിയക്ക് എന്തൊക്കെ സൗകര്യങ്ങളുടെ അഭാവമാണ് സർക്കാർ തലത്തിൽ നേരിടുന്നത് ; വിശദീകരണം നൽകാമോ ?

ഉത്തരം

(എ&ബി) കരൾമാറ്റ ശസ്ത്രക്രിയ വളരെയധികം സൗകര്യങ്ങൾ വേണ്ട പദ്ധതിയാണ്. അതിൽ പ്രധാന ഘടകങ്ങൾ താഴെ സൂചിപ്പിക്കുന്നു :

(i) പ്രത്യേകം പരിശീലനം ലഭിച്ചിട്ടുള്ള വിദഗ്ധ ഡോക്ടർമാർ, നഴ്സിംഗ് സ്റ്റാഫ്, പാരാമെഡിക്കൽ സ്റ്റാഫ് . ഇതിൽ ട്രാൻസ്പ്ലാന്റ് സർജറി ടീം, ട്രാൻസ്പ്ലാന്റ് ലിവർ സ്പെഷ്യാലിറ്റി, ട്രാൻസ്പ്ലാന്റ് പാത്തോളജിസ്റ്റ്, ട്രാൻസ്പ്ലാന്റ് അനസ്തെറ്റിക് ടീം, ഇന്റൻസീവ് കെയർ ടീം, ട്രാൻസ്പ്ലൂഷൻ മെഡിസിൻ ടീം, ട്രെയിൻഡ് ഇൻഫെക്ഷൻ കൺട്രോൾ ടീം, ഇന്റർവെൻഷണൽ റേഡിയോളജി ടീം എന്നിവർ ഉൾപ്പെടുന്നു. ഇവർക്ക് മേജർ ട്രാൻസ്പ്ലാന്റ് സെന്ററുകളിൽ 6 മുതൽ 12 മാസംവരെ പരിശീലനം ആവശ്യമാണ്. ഇത്തരം പരിശീലനങ്ങൾ കൂടുതൽ വിദേശ രാജ്യങ്ങളിലാണ് ലഭ്യമായിട്ടുള്ളത്.

(ii) പ്രത്യേകം സംവിധാനം ചെയ്തിട്ടുള്ള ഓപ്പറേഷൻ തിയേറ്ററുകളും ഇന്റൻസീവ് കെയർ യൂണിറ്റുകളും

(iii) രോഗനിർണ്ണയത്തിനും ഓപ്പറേഷനും പിന്നീടുള്ള അനുബന്ധ ചികിത്സകൾക്കും ആവശ്യമായ കൂടിയ മെഡിക്കൽ ഉപകരണങ്ങളും അവയുടെ പ്രവർത്തന വൈദഗ്ധ്യവും.

മേൽപ്പറഞ്ഞ ഘടകങ്ങൾ ഒരു മെഡിക്കൽ കോളേജിലും നിലവിൽ ലഭ്യമല്ല ആയത് ഘട്ടംഘട്ടമായി മാത്രമേ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരികയാണ്.

വന്ധ്യംകരണ ശസ്ത്രക്രിയ

71 (2622) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്ധ്യംകരണ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് നിലവിലുണ്ടായിട്ടുള്ള ഭീതി പരിഹരിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) വന്ധ്യംകരണ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പരാതികൾ എത്രയെണ്ണം ഈ വർഷം ലഭ്യമായിട്ടുണ്ടെന്ന് ജില്ലതിരിച്ച് അറിയിക്കുമോ ?

ഉത്തരം

(എ) വന്ധ്യംകരണ ശസ്ത്രക്രിയ കേരളത്തിലെ എല്ലാ ജില്ലകളിലും സർക്കാർ മേഖലകളിലും സ്വകാര്യ മേഖലയിലും പൊതുജന സ്വീകാര്യതയോടുകൂടി നടത്തിവരുന്നു. കുടുംബാസൂത്രണ മാർഗ്ഗങ്ങളിൽ, സംസ്ഥാനത്തെ ജനങ്ങൾ ഏറ്റവും കൂടുതൽ വിശ്വാസ്യത അർപ്പിച്ചിരിക്കുന്നത് വന്ധ്യംകരണ ശസ്ത്രക്രിയകളോടാണ്. 2014 ജനുവരി മുതൽ നവംബർവരെ 4,418 മിനിലാപ്പും 15,985 ലാപ്രോസ്കോപ്പിക് സ്റ്റെറിലൈസേഷനും 1,163 പുരുഷ വന്ധ്യംകരണ ശസ്ത്രക്രിയയും NSV (Non Scalpel Vasectomy) യും നടത്തുകയുണ്ടായി. PPS (Post Partom Sterilization) 60,364 നടത്തുകയുണ്ടായി. ഒരു വടക്കൻ സംസ്ഥാനത്ത് വന്ധ്യംകരണ ശസ്ത്രക്രിയയെ തുടർന്ന് മരണങ്ങൾ സംഭവിച്ചുവെങ്കിലും അത് കേരളത്തിലെ കുടുംബാസൂത്രണ മേഖലയെ ബാധിച്ചില്ല. ആശാ പ്രവർത്തകരും ആരോഗ്യവകുപ്പ് ജീവനക്കാരും മെഡിക്കൽ ഓഫീസർമാരും ബോധവൽക്കരണ പരിശീലന

LIBRARY ARCHIVES Kerala Legislative Assembly